പി.റ്റി.3333/2012 സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. 14.8.2012

## സർക്കുലർ നമ്പർ 32/12

വിഷയം: സഹകരണ വകുപ്പ്– 2012 അന്തർദേശീയ സഹകരണ വർഷം–കേരളത്തിൽ സമുചിതമായി ആഘോഷിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്

ഐക്യരാഷ്ട്ര സംഘടനയുടെ ആഹ്വാനമനുസരിച്ച് 2012 അന്തർദേശീയ സഹകരണ വർഷമായി ആചരിക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ 2012 ജനുവരി മുതൽ ഡിസംബർ വരെ വിവിധ പരിപാടികൾ നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ താഴെപറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. അപ്പക്സ് സ്ഥാപനങ്ങൾ ഈ കാലയളവിൽ അതാത് മേഖലയുമായി ബന്ധപ്പെട്ട പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.
2. ഈ വർഷം സഹകരണ മേഖലയിൽ സംഘടിപ്പിക്കുന്ന എല്ലാ പരിപാടികളിലും അന്താരാഷ്ട്ര സഹകരണ വർഷത്തിന്റെ ലോഗോ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.
3. സഹകരണ വർഷ പരിപാടിയുടെ ജില്ലാതല റിപ്പോർട്ടുകൾ സഹകരണ ജേർണൽ, സഹകരണ വീഥി എന്നിവയിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.
4. കേരളത്തിലെ മുഴുവൻ സഹകരണ സ്ഥാപനങ്ങളിലും സഹകരണ വർഷത്തിന്റെ ലോഗോ പ്രദർശിപ്പിക്കേണ്ടതാണ്.
5. സഹകരണ വാരാഘോഷത്തോടനുബന്ധിച്ച് എല്ലാജില്ലകളിലും ദിനങ്ങളുടെ പ്രാധാന്യം കണക്കാക്കി 2012 നവംബർ 14 മുതൽ 20 വരെ ജില്ലാതലപരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

ഒപ്പ്
കെ.വി.സുരേഷ് ബാബു

സഹകരണ സംഘം രജിസ്ട്രാറുടെ അധിക ചുമതല
വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)